**JAGRATHA 91**

Vol-3, N0:17
23-04-2- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

കത്തോലിക്കാ വിശ്വാസികളിൽ ഇടർച്ചയുണ്ടാക്കുന്ന തരത്തിൽ പുതുതായി രൂപം കൊള്ളുന്ന സെക്ടറുകളെക്കുറിച്ച്, കേരള കത്തോലിക്കാ മെത്രാന്മാർ പുറപ്പെടുവിച്ച ഇടയലേഖനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ തയ്യാറാക്കിയ ലേഖനം

## വിശ്വാസ വഴികളിൽ ഇടർച്ചകളുണ്ടാകാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കുക

**കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷൻ**

ദൈവത്തോടുള്ള ഏകാന്തമായ അർഥനയാണ് പ്രാർഥന. പ്രാർഥനയിൽ നമ്മുടെ മനസ് വിമലീകരിക്കപ്പെടുന്നു. പ്രാർഥനിയിൽ നാം അഹങ്കാരത്തിന്റെ പടവുകളിറങ്ങി വിനയത്തിന്റെ താഴ് വരയിലൂടെ നടക്കുന്നു. എന്റെ ദൈവമേ എന്റെ ദൈവമേ എന്നുള്ള ഓരോ വിളിയിലും നാം കൂടുതൽ കൂടുതൽ വിനീതിരായിത്തീരുന്നു. നമ്മുടെ നിസഹായത നമുക്ക് കൂടുതൽ ബോധ്യമാവുകയും നാം ദൈവത്തിന്റെ അനുഗ്രഹത്തിനായി പ്രാർഥിക്കുകയും ചെയ്യുന്ന നിമിഷത്തിലാണ് ദൈവത്തിന്റെ പ്രസാദവരം നമ്മിലേക്ക് പറന്നിറങ്ങുന്നത്. നാം ദൈവത്തിന് കൂടുതൽ പ്രിയപ്പെട്ടവരാകുന്നത്.

പ്രാർഥനയിലാണ് നാം കുടുതൽ സ്നേഹിക്കാൻ പഠിക്കുന്നത്. നമ്മേത്തന്നെയും നമ്മുടെ അയൽക്കാരനെയും ഒരേ മനസോടെ സ്നേഹിക്കുന്ന സ്നേഹത്തിന്റെ സുവിശേഷം പ്രാർഥന നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ അർഥനകൾ ദൈവമുമായി അദൃശ്യവീചികളാൽ നമ്മെ അടുപ്പിക്കുന്ന അവസരത്തിലാണ് നമ്മുടെ പ്രാർഥന സഫലമാകുന്നത്. അപ്പോൾ പാപത്തിന്റെയും പാപചിന്തകളുടെയും അടരുകൾ നമ്മുടെ മനസിൽ നിന്നും പൊഴിഞ്ഞുതുടങ്ങും.

പ്രാർഥനയുടെ കൂട്ടായ്മയാണ് പള്ളികളിലും ധ്യാനകേന്ദ്രങ്ങളിലും കൺവെൻഷനുകളിലും സംഭവിക്കുന്നത്. അവിടെ കൂടിയിരിക്കുന്ന എല്ലാവരും തങ്ങളുടെ എല്ലാ പ്രവർത്തികളും മാറ്റിവെച്ചാണ് പ്രാർഥനയ്ക്കായി ഒരുമിക്കുന്നത്. തങ്ങളുടെ മനസ് ദൈവത്തിങ്കലേക്ക് ഏകാഗ്രമാക്കി എല്ലാവരും പ്രാർഥിക്കുന്നു. കൂട്ടായ്മയുടെ ശക്തി ഇത്തരം പ്രാർഥനകളിൽ ദൈവത്തിന്റെ സാന്നിധ്യം ഉറപ്പിക്കുന്നു. എല്ലാവരും ചേർന്ന് പാട്ടുപാടി ദൈവത്തെ സ്തുതിക്കുകയും പ്രാർഥനകൾ ഏറ്റുചൊല്ലുകയും വചനത്തിൽ മനസ് ഏകാഗ്രമാക്കുകയും ചെയ്യുമ്പോൾ ധ്യാനത്തിന്റെയോ ബൈബിൾ കൺവെൻഷന്റെയോ ഭാഗമായിട്ടുള്ള നിരവധി കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുമ്പോൾ മനസ് മറ്റെല്ലാ ചിന്തകളിൽ നിന്നും വിമുക്തമാക്കപ്പെട്ട് ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുന്നു. നമ്മുടെ മനസ് എത്ര മാത്രം നിർമലമാക്കി ദൈവത്തിന് ഇരിപ്പിടമൊരുക്കുന്നുവോ അത്രത്തോളമാണ് ദൈവം നമ്മിൽ കൃപ ചൊരിയുന്നത്. അത്രത്തോളമാണ് ദൈവത്തിന് നമ്മൾ പ്രിയപ്പെട്ടവരാകുന്നത്.

ക്രൈസ്തവജീവിതം വചനാധിഷ്ഠിതമായിരിക്കണം. ബൈബിൾ വായിക്കുക എന്നതു മാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വചനം മനനം ചെയ്യുകയും അതു ജീവിത ചര്യയായക്കി മാറ്റുകയും ചെയ്യണം. വചനാധിഷ്ഠിതമാണ് കരിസ്മാറ്റിക് പ്രാർഥന. ധ്യാനകേന്ദ്രത്തിലായാലും ബൈബിൾ കൺവെൻഷനിലായാലും പള്ളികളിലെ വാർഷികധ്യാനത്തിലായാലും വചനത്തെ അധിഷ്ഠിതമാക്കിയാണ് ആത്മീയശുശ്രൂഷകൾ രൂപപ്പെടുത്തുന്നത്. ഒരു ബൈബിൾ വചനത്തിലൂടെ നമ്മുടെ ജീവിതത്തെ നവീകരിക്കാൻ സാധിക്കുന്ന വിധത്തിൽ ഇടപെടാൻ ദൈവത്തിനു സാധിക്കുന്നു. ഇതു ദൈവത്തിനുമാത്രം സാധിക്കുന്ന കാര്യമാണ്. അജ്ഞത നിറഞ്ഞ നമ്മുടെ മനസിലെ വചനവെളിച്ചം നിറയ്ക്കാനും നമ്മേ വചനത്തിലൂടെ ദൈവസന്നിധിയിലേക്ക് അടുപ്പിക്കാനും കരിസ്മാറ്റിക് ധ്യാനത്തിന് സാധിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിനു(1962-65) ശേഷം കത്തോലിക്കാസഭയിൽ വിവിധങ്ങളായ ആത്മീയമുന്നേററങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്നാണു കരിസ്മാററിക്കു നവീകരണം. ഇതുവഴി സഭയിൽ ഉണ്ടായിട്ടുള്ള ആത്മീയ ഉണർവ് വളരെ വലുതാണ്.

കൂട്ടായ പ്രാർഥനിയിലൂടെ നിരവധി ആളുകൾക്ക് അനുഗ്രഹങ്ങൾ ലഭിക്കുകയും വ്യാകുലതകൾ മാറിക്കിട്ടുകയും ദീർഘനാളായുള്ള അസ്വസ്ഥതകൾ ഇല്ലാതാവുകയും ചെയ്യുന്നുണ്ട്. ഇത്തരം സാക്ഷ്യങ്ങൾ ധാരാളമായി പ്രചരിച്ചതോടെ നിരവധി ധ്യാനകേന്ദ്രങ്ങളും കൺവെൻഷൻ സെന്ററുകളും കേരളത്തിലങ്ങോളമിങ്ങോളം ആരംഭിക്കപ്പെട്ടു. ഇതിൽ പലതും സഭയുടെ അറിമോ സമ്മതമോ ഇല്ലാത്തവയയായിരുന്നു. ഇവിടെ നടത്തുന്ന പ്രാർഥനകളും കർമങ്ങളും സഭയുടെ പ്രബോധനങ്ങൾക്കും പഠനങ്ങൾക്കും വിരുദ്ധമായിരുന്നു. പലതും തിരുസഭ എന്ന മഹാവൃക്ഷത്തിന്റെ ശാഖകളും ഫലങ്ങളും നശിപ്പിക്കുന്നതുമായിരുന്നു. അതിനാൽ തന്നെ ഇത്തരം പ്രവണത കൾക്കെതിരെ പ്രതികരിക്കുന്നതിനും അവയുടെ ചൂഷിത വലയത്തിൽ നിന്ന് സഭാവിശ്വാസികളെ രക്ഷിക്കുന്നതിനും വേണ്ടി സഭയ്ക്ക് നേരിട്ടു ഇടപെടേണ്ടിവന്നു. എന്നാൽ, യേശുവിൻെറ പ്രബോധനത്തിനും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനും ചേരാത്തതും കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തോട് ബന്ധമില്ലാത്തതുമായ വളരെ അപകടകരങ്ങളായ പ്രവണതകളും ചിന്തകളും കരിസ്മാറ്റിക് എന്ന പേരിൽ രൂപപ്പെടുന്നുണ്ട്. അവയെ തിരുത്തേണ്ടത് സഭയുടെ കർത്തവ്യവും അത്തരം അപകടങ്ങളിൽപെട്ടു പോയിട്ടുണ്ടെങ്കിൽ എത്രയും പെട്ടെന്ന് തെറ്റുതിരുത്തി ക്രിസ്തുവിന്റെ പാതിയിലേക്ക് തിരികെ വരേണ്ടത് ക്രൈസ്തവരുടെ കടമയുമാണ്.

സഭയെപ്പററിയും ദൈവവചനത്തെപ്പററിയും നിരവധി തെററായ ചിന്തകളും പ്രബോധനങ്ങളും ഇന്നു പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആണെന്ന വിശ്വാസം സഭയുടെ വിശുദ്ധ പാരമ്പര്യമാണ്. അതു ബൈബിളധിഷ്ഠിതവുമാണ്. വിശ്വാസപ്രമാണത്തിൽ നാം അത് ഏററുപറയുന്നു. യേശു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടതാണ് ആ സഭ. ഈ അടിത്തറയുടെ മൂലക്കല്ലു ക്രിസ്തുവാണ് (എഫേ 2.20). യേശുവിലൂടെ സാക്ഷാത്കരിക്കപ്പെട്ട രക്ഷാകരപ്രവർത്തനം തുടർന്നുപോകുന്നത് ഈ സഭയിലൂടെയാണ്. യുക്തിപൂർവ്വം ചിന്തിക്കുന്നവർക്ക് ഇതു നിഷേധിക്കാനവുകയില്ല. കർത്താവുതന്നെ രൂപംകൊടുത്ത ഒരു ഘടനയാണിത്. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട ഈ സഭയുടെ പ്രധാന ചുമതലക്കാരൻ അദ്ദേഹത്തിൻെറ പിൻഗാമിയായി നിയമിക്കപ്പെടുന്ന പരിശുദ്ധ മാർപാപ്പയാണ്. മാർപാപ്പയോടൊപ്പം സഭയെ നയിക്കുന്നതും പഠിപ്പിക്കുന്നതും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സംഘമാണ്.

ഇന്നത്തെ മെത്രാൻ സംഘത്തിൻെറ ആദിമരൂപം അപ്പസ്തോലഗണത്തിലാണു നമ്മൾ കാണുന്നത്. അവർക്കു നല്കപ്പെട്ട ആത്മീയ അധികാരാവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഇന്നത്തെ മെത്രാൻ സംഘത്തിനും ഉണ്ട്. അന്ത്യഅത്താഴവേളയിൽ യേശുനാഥൻ അപ്പസ്തോലഗണത്തിനു നല്കിയ ഉപദേശങ്ങൾ, അവർക്കായി നടത്തിയ പ്രാർത്ഥനകൾ, അവരോടു ചെയ്ത വാഗ്ദാനങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ അനുഗാമി കൾക്കും കൂടിയുള്ളതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് എക്കാലവും സഭ അപ്പസ്തോലികമാണന്ന വസ്തുതയാണ്. ക്രിസ്തു വാഗ്ദാനം ചെയ്ത രക്ഷ അവകാശമാക്കാനുള്ള മാർഗം ഈ സഭയിൽ അംഗമായിരിക്കുക എന്നതാണ്. തിരുസ്സഭയിലാണു യേശു സ്ഥാപിച്ച കൂദാശകളുടെ പരികർമ്മം നടക്കുന്നത്. പൗരോഹിത്യശുശ്രൂയിലൂടെയാണല്ലോ കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത്.

ബൈബിളിനെ സംബന്ധിച്ചു പല തെററായ പ്രബോധനങ്ങൾ പ്രചരിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥം രൂപപ്പെട്ടതു സഭയിലാണ്. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളായ മെത്രാൻസംഘവുമാണ് അതു വ്യാഖ്യാനിക്കാൻ അധികാരപ്പെട്ടവർ. ആത്മാവിൻെറ നിവേശനത്താൽ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയുടെ സത്യാവസ്ഥ തീരുമാനിക്കപ്പെടുന്നത് അവരിലൂടെയാണ്. ഈ പാരമ്പര്യമനുസരിച്ചാണു സഭാ മക്കൾ ദൈവവചനത്തെയും ഇതര ആത്മീയസത്യങ്ങളെയും വേർതിരിച്ചറിയുന്നതും അനുസരിക്കുന്നതും.

അടുത്തകാലത്തു സഭയിലെ ചില അല്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാനടീമുകളും പ്രാർഥനാ ഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാപ്രബോധനങ്ങളിൽനിന്നും നിയന്ത്രണത്തിൽനിന്നും അകന്നു സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യ ബുദ്ധിക്കോ നിരക്കാത്തവയാണ്. ലോകാവസാനം അധികം താമസിയാതെ ഉണ്ടാകുമെന്നു വിശ്വസിക്കുന്നവരുടെ ചില കൂട്ടായ്മകളുണ്ട്. വിശുദ്ധഗ്രന്ഥത്തിലെ ചില വചനങ്ങളുടെ തെററായ വ്യാഖ്യാനമാണ് അതിനു കാരണം.

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ ബാഹ്യവസ്തുക്കളുടെ സ്വാധീനംമൂലം ഉണ്ടാകുന്നതാണന്നു പഠിപ്പിക്കുന്ന സുവിശേഷപ്രഘോഷകരുമുണ്ട്. ചില പുഷ്പങ്ങൾ, ആന, മയിൽ എന്നിവയുടെ ചിത്രങ്ങൾ ,താലി, നിലവിളക്കു തുടങ്ങിയവയൂടെ ഉപയോഗം എന്നിവയിലൂടെ ദുഷ്ടാരൂപി നമ്മിലേക്കു കടന്നുവരുമെന്നും മററും ഇവർ പഠിപ്പിക്കുന്നു. വിശുദ്ധകുർബാനയ്ക്കിടയിൽ സമാധാനാശംസ നല്കുമ്പോൾ അപരനിലെ ദുഷ്ടാരൂപി തങ്ങളിലേക്കു കടന്നുവരാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കണമെന്നും ഉപദേശിക്കുന്നവരുണ്ട്.

ഇത്തരം പഠിപ്പിക്കലുകൾക്കു പിൻബലമായി ചില ബൈബിൾ വാചകങ്ങൾ അവർ ഉദ്ധരിക്കുകയും ചെയ്യും. മററു മതവിശ്വാസികൾ പൂജ്യമായി കരുതുന്ന വസ്തുക്കളുടെ ഉപയോഗം മൂലം തിന്മ നമ്മിലേക്കു കടന്നുവരുമെന്ന ചിന്തയാണ് അവർ വ്യാപകമായി പ്രചരിപ്പിക്കുന്നത്. ഹൈന്ദവമതത്തോടു ളള വെറുപ്പാണ് ഇതിലൂടെയെല്ലാം കാണിക്കുന്നത്.

ബൈബിൾ മാത്രം മതി, അത് ആർക്കും വായിച്ചു വ്യാഖ്യാനിക്കാൻ കഴിയും ഏന്ന ചിന്തയാണ് ഇത്തരം പ്രശ്നങ്ങൾക്കു കാരണമാകുന്നത്. ഇക്കൂട്ടർ സഭാപ്രബോധനങ്ങളും അപ്പസ്തോലപാരമ്പര്യങ്ങളും മനസ്സിലാക്കത്തവരോ അതു കണക്കിലെടുക്കാത്തവരോ ആണ്. എല്ലാം വെളിപ്പെടുത്തി കിട്ടുന്നുവെന്ന അവകാശവാദവും പലരും ഉന്നയിക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവുതന്നെ വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ പിന്നെ സഭയുടെ ആവശ്യമെന്ത് എന്ന ചോദ്യവും ഉന്നയിക്കപ്പെടുന്നു. ഇതിൻെറയൊക്കെ ഫലമായി സഭാകൂട്ടായ്മയിൽനിന്നും അവർ അകന്നുപോകുന്നു. ഇങ്ങനെയുണ്ടായിട്ടുളള സെക്ടുകളിൽ കൂദാശകളുടെ പരികർമ്മമുണ്ടാവുകയില്ല. അപ്പസ്തോലിക സ്വഭാവം നഷ്ടപ്പെടുന്ന അത്തരം ഗ്രൂപ്പുകൾക്കു പൗരോഹിത്യ ശുശ്രൂഷയുടെ പ്രസക്തിയില്ലല്ലോ. യേശു സ്ഥാപിച്ച സഭയുമായുളള ബന്ധം അത്തരക്കാർ വിച്ഛേദിക്കുകയാണു ചെയ്യുന്നത്.

ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കണമെന്നതിനെ സംബന്ധിച്ചു സഭ നല്കുന്ന മാർഗനിർദ്ദേശങ്ങളൊന്നും ഇത്തരം ഗ്രൂപ്പുകൾ കണക്കിലെടുക്കുന്നില്ല. വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങളൊന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുളളതല്ല. എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷികബുദ്ധിയാൽ രൂപംകൊണ്ടതല്ല; മറിച്ച്, പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിൻെറ മനുഷ്യർ സംസാരിച്ചവയാണ്"(2 പത്രോ 1.20 –21).

പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം ഇവിടെയുണ്ട്. പരിശുദ്ധാത്മാവിനാൽ പ്രചോദിതമായി എഴുതപ്പെട്ടതാണ് ബൈബിൾ. അതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ല്. ബൈബിൾ വചനത്തിലാണ് സഭ പണിതുയർത്തിയിരിക്കുന്നത്. വിവിധ കൂദാശകർമത്തിലൂടെയും പാപപരിഹാരത്തിലൂടെയും നവീകരിക്കപ്പെടുകയും പരിശുദ്ധമാക്കപ്പെടുകയും പാപത്തിന്റെ പഴയ വസ്ത്രം ഉരിഞ്ഞുമാറ്റപ്പെടുകയും ചെയ്യുന്നവരാണ് ക്രൈസ്തവർ.

സഭയുടെ അനുമതിയും വൈദികരുടെ സാന്നിധ്യവുമില്ലാതെ നടത്തപ്പെടുന്ന കരിസ്മാറ്റിക് ധ്യാനപ്രഘോഷണങ്ങളിൽ ഇത്തരം കൂദാശകർമത്തിലൂടെ നവീകരിക്കപ്പെടുന്നില്ല. അതിനാൽ തന്നെ പാപബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും പുതിയ ജീവിതം തുടർന്നു നയിക്കുന്നതിനും സാധിക്കുന്നില്ല. പലപ്പോഴും നമ്മുടെ നിസ്സഹായാവസ്ഥയിലാണ് നാം അവിശ്വാസത്തിന്റെ പോലും പാതിയിലൂടെ സഞ്ചരിക്കാൻ കാരണം. അപ്പോൾ സഭയുടെ വിലക്കുകളും ക്രിസ്തുവിന്റെ പ്രബോധനങ്ങളും ബൈബിൾ വചനങ്ങളും എല്ലാം നാം മറന്നുപോകുന്നു. അത്തരത്തിൽ എപ്പോഴെങ്കിലും നമ്മുടെ ബന്ധുക്കളിൽ ആരെങ്കിലും പെട്ടുപോയിട്ടുണ്ടെങ്കിൽ സ്നേഹബുദ്ധ്യാ അവരെ പിന്തിരിപ്പിക്കാനും ക്രിസ്തുവിന്റെ മാർഗത്തിലേക്ക് എത്തിക്കാനും നമുക്ക് കടമയുണ്ട്. അതിനായി ഇടവക വൈദികന്റെയും മറ്റും സഹായം സ്വീകരിക്കണം.

സഭയുടെ വിശ്വാസങ്ങളും പ്രബോധനങ്ങളും ദൈവജനത്തിനു കൂടതലായി വിശദികരിച്ചു കൊടുക്കാനും വിശ്വാസത്തിൽ അവരെ ആഴപ്പെടുത്താനുമുള്ള ശ്രമം ബഹുമാനപ്പെട്ട വികാരിമാരുടെ ഭാഗത്തുനിന്നുണ്ടാകണം. സെക്ടുകളിൽ അകപ്പെട്ടുപോയവരെ സ്നേഹബുദ്ധ്യാ തിരുത്താൻ വികാരിമാർ ശ്രദ്ധിക്കണം. അതോടൊപ്പം തന്നെ കുടുംബ കൂട്ടായ്മയകളിലും കുടുംബയൂണിറ്റ് പ്രവർത്തനങ്ങളിലും ഇടവക പള്ളിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നതിലൂടെ ക്രൈസ്തവൻ എന്ന നിലയിലുള്ള ജീവിതം കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിലാക്കാം. അതിലൂടെ നമ്മുടെ വിശ്വാസം കൂടുതൽ ദൃഢപ്പെടുത്താനും സാധിക്കും. ഞായറാഴ്ചകളിൽ വിശുദ്ധകുർബാനയിൽ പങ്കെടുക്കുകയും ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പരിശുദ്ധ കുർബാന കൈക്കൊള്ളുകയും വേണം എന്നുള്ള തിരുസഭാ പ്രബോധനങ്ങൾ ക്രൈസ്തവരുടെ നിലനിൽപിനും അവരുടെ വഴികളിൽ ഇടർച്ച വരാതിരിക്കുന്നതിനും വേണ്ടിയാണ് സഭ കല്പിച്ചിരിക്കുന്നത് എന്നു മനസിലാക്കണം.

കേരളത്തിലെ കരിസ്മാറ്റിക് പ്രവർത്തനങ്ങളെ നയിക്കുന്നതിന് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നിലവിലുണ്ട്. പ്രസ്തുത കമ്മീഷന്റെ സെക്രട്ടറിയേറ്റ് കളമശ്ശേരിയിലെ എമ്മാവൂസ് കേന്ദ്രമാണ്. കേരള സർവ്വീസ് ടീം (കെ.എസ്.ടി.) ആണ് കേരളത്തിലെ നവീകരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. കരിസ്മാറ്റിക് നവീകരണത്തെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾക്കു പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. വിശ്വാസവഴികളിൽ വന്ന ഇടർച്ചകൾ പശ്ചാത്താപവും പ്രായ്ശ്ചിത്തവും കൊണ്ട് നമുക്ക് ഇല്ലാതാക്കാം. വഴിതെറ്റിപ്പോകുന്ന കുഞ്ഞാടിനെ തേടി ആട്ടിൻകൂട്ടത്തെപ്പോലും ഉപേക്ഷിച്ച് തേടിവരുന്നവനാണ് നമ്മുടെ നല്ലടിയനായ ക്രിസ്തു എന്ന വിശ്വാസത്താൽ ക്രിസ്തുവചനത്തിലേക്കും ക്രിസ്തുവഴികളിലേക്കും നമുക്ക് തിരികെ വരാം. ഇനിയും ഇടർച്ചകൾ ഉണ്ടാകാതിരിക്കാനായി ജാഗ്രത പാലിക്കാം.